**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4689** **02-07-2024 - ൽ മറുപടിയ്ക്ക്**

**വാട്ടർ ബഡ്ജറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം കണ്ടെത്തുന്നതിന് പഞ്ചായത്ത് തലംവരെ വാട്ടർ ബഡ്ജറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഒരു പ്രദേശത്ത് ഒരു ചെറിയ കാലയളവിൽ ലഭ്യമായ ജലത്തിന്റെയും ആ പ്രദേശത്തെ ആ കാലയളവിലെ ആകെ ജല ആവശ്യവും താരതമ്യം ചെയ്ത് ഒരോ കാലയളവിലും ജലകമ്മിയാണോ ജല മിച്ചമാണോ അനുഭവപ്പെടുന്നത് എന്ന് കണ്ടെത്തുകയാണ് ജലബഡ്ജറ്റിംഗിലൂടെ ചെയ്യുന്നത്. ജല ബഡ്ജറ്റ് തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും ) കൺവീനറായി ഒരു ഫോക്കസ് കമ്മിറ്റി രൂപീകരിക്കുകയും ചെറു നീർത്തടാടിസ്ഥാനത്തിൽ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി കൂടി പരിഗണിച്ച് ജലബഡ്ജറ്റിംഗ് നിർവ്വഹിക്കുന്നതിനുള്ള മാർഗ്ഗരേഖ കോഴിക്കോട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ (സി.ഡബ്ല്യു ആർ.ഡി.എം) സഹായത്തോടെ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>നവകേരളം കർമ്മ പദ്ധതി II ന്റെ ഭാഗമായി "ഒരു ജില്ലയിൽ ഒരു ബ്ലോക്കിൽ" എന്ന രീതിയിൽ ജലബഡ്ജറ്റ് തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും, ഹരിതകേരളം മിഷന്റെ (നവകേരളം കർമ്മ പദ്ധതി I) ആഭിമുഖ്യത്തിൽ ജലവിഭവവുമായി ബന്ധപെട്ടു വരുന്ന എല്ലാ വകുപ്പുകളിൽ നിന്നുമുള്ള തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്ക് ജല ബഡ്ജറ്റിങ്ങിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ആദ്യ ഘട്ടമായി 15 ബ്ലോക്ക് പഞ്ചായത്തുകളിലും ആ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ടു വരുന്ന 94 ഗ്രാമ പഞ്ചായത്തുകളിലും ജലബഡ്ജറ്റ് തയ്യാറാക്കുന്ന |

| | | | |
|---|---|---|---|
| | | | പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 260 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവിൽ ജലലഭ്യത ഉറപ്പാക്കാൻ ഉതകുന്ന തരത്തിൽ ജല സുരക്ഷ പ്ലാൻ തയ്യാറാക്കി നിർവ്വഹണത്തിലേക്ക് പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ ബഡ്ജറ്റിങ്ങ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ പദ്ധതികൾ വിഭാവനം ചെയ്യുന്ന വേളയിൽ ആ സ്ഥലത്തെ ജനസംഖ്യ കണക്കിലെടുത്ത് വാട്ടർ ഡിമാന്റ് കണക്കാക്കിയാണ് പദ്ധതികൾ പ്രാവർത്തികമാക്കുന്നത്. വരൾച്ച ബാധിക്കുന്ന സ്ഥലങ്ങളിൽ കൂടുതൽ ജലം സംഭരിക്കുന്നതിനാവശ്യമായ മുൻകരുതൽ സ്വീകരിക്കാറുണ്ട് .<br><br>സംസ്ഥാനത്തെ ഭൂജല സമ്പത്തിനെക്കുറിച്ച് നിശ്ചിത കാലയളവുകളിൽ കേന്ദ്ര ഭൂജല ബോർഡും, സംസ്ഥാന ഭൂജലവകുപ്പും സംയുക്തമായി പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച "Ground Water Estimation Report" പ്രസിദ്ധീകരിച്ചു വരികയും ചെയ്യുന്നു. തുടക്കത്തിൽ 5 വർഷം എന്ന രീതിയിലും പിന്നീട് 3 വർഷം, 2 വർഷം എന്ന രീതിയിലും പ്രസ്തുത കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. നിലവിൽ വർഷത്തിൽ ഒരിക്കൽ പ്രസ്തുത കണക്കെടുപ്പ് നടത്തിവരുന്നു. ഇതുമായി ബന്ധപ്പെട്ട അവസാന കണക്കെടുപ്പ് മാർച്ച് 2023 വരെ നടത്തിയിട്ടുണ്ട് .മാർച്ച് 2023 ലെ റിപ്പോർട്ട് ദേശീയ തലത്തിലും സംസ്ഥാന തലത്തിലും പ്രസിദ്ധീ കരിച്ചിട്ടുണ്ട്. ടി കണക്കെടുപ്പ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് തലത്തിലാണ് നടത്തി വരുന്നത്. പ്രധാനമായും ബ്ലോക്കുകളിൽ ലഭ്യമാകുന്ന മഴയുടെ ഏറ്റക്കുറച്ചിലുകളും, ഭൂജലത്തിന്റെ വിവിധ ഉപയോഗങ്ങൾ, ഭൂജല ശാസ്ത്രം, ഭൂജല സംപോഷണം, ഭൂജല വിതാനത്തിൽ വന്ന ഏറ്റക്കുറച്ചിലുകൾ, ഭൂജല ഗുണനിലവാരം എന്നീ ഘടകങ്ങളിൽ ലഭ്യമാകുന്ന ഡാറ്റയുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ പഠനങ്ങൾ നടത്തി, ബ്ലോക്ക് അടിസ്ഥാനത്തിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു വരുന്നത്. |
| (ബി) | ഭൂജല വകുപ്പിന്റെ ഭൂജല സംരക്ഷണവും സംപോഷണവും എന്ന പദ്ധതിയിലൂടെ ഭൂജല സ്രോതസ്സുകളെ പരിപോഷിപ്പിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു; വ്യക്തമാക്കുമോ; | (ബി) | "ഭൂജല സംരക്ഷണവും സംപോഷണവും" എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തു ഭൂജല സുസ്ഥിരത ഉറപ്പു വരുത്തുന്നതിനും ഭൂജല വിതാനം ഉയർത്തുന്നതിനുമായി ഭൂജല സംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കി വരുന്നു. ഭൂജല വിതാനം |

| | | | | |
|---|---|---|---|---|
| | | | | കുറഞ്ഞ മേഖലകളിൽ, ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ / മഴക്കുഴികൾ/ കുഴൽ കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2016-17 മുതൽ 2023-24 വരെ 1051 വിവിധ ഭൂജല സംപോഷണ പ്രവൃത്തികൾ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്<br><br>'ജലനിധി' പദ്ധതിയിൽ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജല സംരക്ഷണത്തിനായി 'ജലനിധി' കിണറുകളിൽ റീചാർജ്ജ്, തടയണകൾ (ചെറുതും വലുതും), ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), മണ്ണ് ഭിത്തി സംരക്ഷണം, മഴക്കുഴികൾ എന്നിവ ഭൂമിയുടെ കിടപ്പനുസരിച് നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്.<br><br>കൂടാതെ KRWSA മുഖേന സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമ പഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ സംഭരണ ശേഷിയുള്ള ഫെറോ സിമന്റ് ടാങ്കുകൾ നിർമ്മിച്ച് മഴവെള്ളം സംഭരിച്ച് ജല ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹിക ആവശ്യ ങ്ങൾക്ക് ഉപയോഗിക്കുന്നതിനും ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി സുസ്ഥിര ജലസ്രോതസ്സുകളാക്കി മാറ്റുന്നതിനും ജലക്ഷാമത്തിനു ഒരുപരിധിവരെ പരിഹാരം കണ്ടെത്തുവാനുമുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനും കിണറുകൾ സംരക്ഷിച്ച് സുസ്ഥിരതാ ജല സ്രോതസ്സുകളാക്കി മാറ്റുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. മഴക്കുഴികൾ നിർമ്മിച്ച് ഭൂജല പരിപോഷണത്തിനാവശ്യമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജലനിധി പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി ജല സുരക്ഷ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിയ 'ജലനിധി' ഒന്നും രണ്ടും പദ്ധതികൾ മുഖേന ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജലനിധി പദ്ധതികൾ നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ഈ രൂപരേഖയിൽ നിർദ്ദേശിച്ചിരുന്ന ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ